പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 406 06.03.2012-ൽ മറുപടിയ്ക്ക്

ബാലുശ്ശേരി മണ്ഡലത്തിൻെറ സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) ബാലുശ്ശേരി മണ്ഡലത്തിൻെറ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(എ) ബാലുശ്ശേരി മണ്ഡലത്തിൻെറ അതിർത്തി പുനർനിർണയം സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തടസ്സമായ ഒരു ഘടകമാണ്. അത് തരണം ചെയ്യുന്നതിനായി പഴയ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ വരുന്ന തലക്കുളത്തൂർ, ഉള്ള്യേരി, അത്തോളി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട എന്നീ പഞ്ചായത്തുകളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 1,61,67,950/- രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റ് തുകയിൽ 67,58,000/- രൂപ എം.എൽ.എ/എം.പി/പഞ്ചായത്ത് ഫണ്ടുകളിൽ നിന്നും ബാക്കി 94,09,950/- രൂപ ബോർഡിൻെറ നോർമൽ ഫണ്ടിൽ നിന്നുമാണ് കണക്കാക്കിയിട്ടുള്ളത് .

ഇതിൽ തലക്കുളത്തൂർ പഞ്ചാ യത്ത് നിക്ഷേപിച്ച 3,75,187/- രൂപയും എം.എൽ.എ നിക്ഷേപിച്ച 3,96,263/- രൂപയും ഉപയോഗിച്ച് തലക്കുളത്തൂർ പഞ്ചായത്തിൽ 30-06-2011 വരെ രജിസ്റ്റർ ചെയ്ത കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതുപോലെ പനങ്ങാട് പഞ്ചായ ത്തിൽ എം.പി ഫണ്ടായി ലഭിച്ച 4,36,550/- രൂപ ഉപയോഗിച്ച് ഒരു പ്രദേശവും വൈദ്യുതീകരിച്ചിട്ടുണ്ട്.

പുതുതായി രൂപീകരിച്ച ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉണ്ണികുളം, കോട്ടൂർ, കൂരാച്ചുണ്ട്, എന്നീ പഞ്ചായത്തുകൾ മറ്റു പഴയ പല

മണ്ഡലങ്ങളിൽ നിന്നും കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ഇതിൽ കോട്ടൂർ, കൂരാച്ചുണ്ട് പഞ്ചായത്തുകൾ പഴയ പേരാമ്പ്ര മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരിച്ചപ്പോൾ അതിൽ ഉൾപ്പെട്ടിരുന്നതാണ്. മേൽ പറഞ്ഞ ബാലുശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി കൊടുക്കുന്ന പ്രവൃത്തികൾ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇവിടെ വൈദ്യുതീകരണം പൂർത്തിയാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

(ബി) രാജീവ്ഗാന്ധി വൈദ്യുതീകരണ പദ്ധതിയുടെ നിബന്ധനകളനുസരിച്ച് കഴിയുന്നത്ര സ്ഥലങ്ങളിൽ വൈദ്യുതീകരണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതി പൂർത്തീകരിച്ചതിനുശേഷം ബാക്കി വരുന്ന പ്രദേശങ്ങളുടെ വൈദ്യുതീകരണത്തിനായി എം.എൽ.എ ഫണ്ടിൽ നിന്ന് നിക്ഷേപിച്ച തുകയുടെ ബാക്കിയും പനങ്ങാട് പഞ്ചായത്ത് നിക്ഷേപിച്ച തുകയും കാര്യക്ഷമമായി ഉപയോഗിക്കുവാൻ കഴിയും. ബാലുശ്ശേരി മണ്ഡലത്തിൻെറ സമ്പൂർണ്ണ വൈദ്യുതീകരണം ഇങ്ങനെ സാധ്യമാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജോലികൾ ഉടനെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കരാർ ജോലികൾ നിർവഹിക്കുന്ന ബെൻ ടെക് എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.